# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### ഗ്രാമവികസന പദ്ധതികളിൽ കൂടുതൽ കേന്ദ്രഫണ്ട് ലഭ്യമാക്കാനും വിനിയോഗിക്കുവാനും പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3501

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമവികസന പദ്ധതികളിൽ കൂടുതൽ കേന്ദ്രഫണ്ട് ലഭ്യമാക്കാനും വിനിയോഗിക്കുവാനും എം.എൽ.എ., എം.പി. ഫണ്ടുവഴിയുള്ള പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ)<br>&<br>(ബി)<br>&<br>(സി) | കൂടുതൽ കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനും എംപി., എം.എൽ.എ. ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനുമായി ബ്ലോക്കു തലത്തിലും ജില്ലാ തലത്തിലും പദ്ധതി അവലോകനം നടത്തുകയും സംസ്ഥാന ജില്ലാ തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടി എടുക്കുകയും ചെയ്യുന്നുണ്ട്. എം.എൽ.എ., എം.പി. ഫണ്ടുവഴി യുള്ള പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ എല്ലാ ബ്ലോക്കു പഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിച്ച് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 2012-2013 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എം.ജി.എൻ.ആർ.ഇ.ജി.എ പദ്ധതിയിൽ 100 ദിവസത്തെ തൊഴിൽ ചെയ്ത സ്ത്രീ തൊഴിലാളികൾക്ക് സ്ക്കൂൾ കിറ്റ് വിതരണം എന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) എന്ന പദ്ധതിക്കും ഫണ്ട് പരമാവധി വിനിയോഗിക്കാൻ കഴിയുന്നുണ്ട്. |
| (ബി) | ഏതെല്ലാം പദ്ധതികളിലാണ് ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ; | | |
| (സി) | ആയതിലേക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ